ഉത്തരം

(എ) വനവൽക്കരണത്തിനും, വികസന പ്രവർത്തനങ്ങൾക്കുമായി ലോക ബാങ്കിൽനിന്നും 135.15 കോടി രൂപയുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 77.16 കോടി രൂപ വനവൽക്കരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ലഭിച്ചിട്ടുള്ളതാണ്.

(ബി) ലോകബാങ്ക് സഹായത്തോടെ 53,485 ഹെക്ടർ സ്ഥലത്ത് വനവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

(സി) വനവൽക്കരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ഇനം	*ലോകബാങ്ക് പദ്ധതി പ്രകാരമുള്ള ചെലവ് (രൂപ കോടിയിൽ)*
സ്വാഭാവിക വനം അഭിവൃദ്ധിപ്പെടുത്തൽ പ്രക്ഷീണ വനങ്ങളുടെ പുനരധിവാസം, അനുബന്ധ പ്രവർത്തനങ്ങൾ	61.53
തേക്ക് തോട്ടങ്ങളുടെ നിർമ്മാണം	10.38
പൾപ്പുമരത്തോട്ടങ്ങളുടെ നിർമ്മാണം	17.84
ഈറ, മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണം	6.20
ആകെ	95.95

മൊത്തം 95.95 കോടി രൂപ ലോകബാങ്ക് പദ്ധതിയനുസരിച്ച് ചെലവായതിൽ 77.91 കോടി രൂപ ലോകബാങ്കിൽനിന്നും സഹായമായും ബാക്കിതുക കേരള സർക്കാരിന്റെ വിഹിതമായും ചെലവായിട്ടുള്ളതാണ്.

വനോൽപ്പന്നവില നിജപ്പെടുത്തൽ ആക്ടിന്റെ പരിധിയിൽ വരുന്ന വനോൽപ്പന്നങ്ങൾ

131 [2102] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:

,, വർക്കല കഹാർ:

,, കെ. സി. വേണുഗോപാൽ:

,, ടി. യു. രാധാകൃഷ്ണൻ:

,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വനോൽപ്പന്നം വിൽപ്പനവില നിജപ്പെടുത്തൽ ആക്ടിന്റെ പരിധിയിൽ ഏതെല്ലാം വനോൽപ്പന്നങ്ങളാണുൾപ്പെടുന്നത്;

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2101 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വനോൽപ്പന്നങ്ങൾ കഴിഞ്ഞവർഷം എന്തുവിലവച്ചാണ് വിറ്റത്;

(സി) അവയുടെ വിൽപ്പനയിൽ കഴിഞ്ഞവർഷം എന്തുതുക ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള വനോൽപ്പന്നം വിൽപ്പനവില നിജപ്പെടുത്തൽ ആക്ടിന്റെ പരിധിയിൽ താഴെപ്പറയുന്ന 18 (പതിനെട്ട്) വനോൽപ്പന്നങ്ങളാണുൾപ്പെടുന്നത്;

1. മുള
2. ഈറ്റ
3. യൂക്കാലിപ്റ്റ്സ്
4. വെള്ള പൈൻ
5. കൽപൈൻ
6. പൂന്ന
7. ചന്ദനവേപ്പ്
8. പാലി
9. മട്ടി
10. ഇലവ്
11. കമ്പിളി
12. വെള്ളകിൾ
13. മഞ്ഞക്കടമ്പ്
14. വെക്കാലി
15. ബന്ദ
16. വട്ട
17. പാല
18. താന്നി

(ബി) പ്രസ്തുത വനോൽപ്പന്നങ്ങളിൽ ഈറ്റ, യൂക്കാലിപ്റ്റ്സ് എന്നിവ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റിന് നിശ്ചിത വിലയ്ക്കാണ് വിൽപ്പന നടത്തിയത്. ഇവ മെട്രിക് ടണ്ണിന് യഥാക്രമം 1091 രൂപ, 1099 രൂപ നിരക്കിലാണ് വിൽപ്പന നടത്തിയത്. സ്വാഭാവിക വനങ്ങളിൽ നിന്നുള്ള മരംവെട്ട് നിരോധിച്ചിട്ടുള്ളതിനാൽ മറ്റുള്ള ഇനങ്ങൾ നേരിയ തോതിൽ മാത്രമേ വിൽപ്പന നടത്തിയിട്ടുള്ളൂ.

(സി) അവയുടെ വിൽപ്പനയിൽ കഴിഞ്ഞ വർഷം ലഭിച്ച തുക താഴെ പറയുംപ്രകാരമാണ്:

1.	ഈറ്റ	. .	62259015 രൂപ
2.	യൂക്കാലിപ്റ്റ്സ്	. .	35218772 ,,
3.	മുള	. .	2071130 ,,
4.	മറ്റുള്ളവ	. .	1859906 ,,
	ആകെ	. .	101408823 ,,

LIBRARY ARCHIVES Kerala Legislative Assembly